## പുനരുത്ഥാനം എന്ന നിലയിൽ ക്രിസ്തു

### I. പുനരുത്ഥാനമായി നമുക്ക് ക്രിസ്തുവിനെ അനുഭവിക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും

- പുനരുത്ഥാനത്തിൽ ജീവിക്കുന്നതിന്, പുനരുത്ഥാനത്തിന്റെ മൂന്ന് പ്രധാന സത്യങ്ങൾ കാണണം
  - ആദ്യജാതനായ പുത്രൻ—ശരീരത്തിന്റെ തല
  - അനേകം പുത്രന്മാർ—ശരീരത്തിന്റെ അവയവങ്ങൾ
  - ജീവൻ നൽകുന്ന ആത്മാവ്—ശരീരത്തിന്റെ സാരാംശവും യാഥാർഥ്യവുമായും
  - കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഈ മൂന്ന് പ്രധാന കാര്യങ്ങളില്ലാതെ സഭയും, ക്രിസ്തുവിന്റെ ശരീരവും, ദൈവത്തിന്റെ വ്യവസ്ഥയും ഉണ്ടായിരിക്കുകയില്ല
- ആത്മാവ് ത്രിയേക ദൈവത്തിന്റെ യാഥാർഥ്യവും, പുനരുത്ഥാനത്തിന്റെ യാഥാർഥ്യവും ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യവുമാണ്
  - ആത്മാവില്ലാതെ ക്രിസ്തുവിന്റെ ശരീരമോ, സഭയോ ഇല്ല
- ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തിലായിരിക്കുന്നതിന്, നാം പൂർണമായും ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനിൽ ആയിരിക്കണം
  - സഭ പൂർണമായും ക്രിസ്തുവിന്റെ മൂലകത്താലുള്ളതും, പൂർണമായും പുനരുത്ഥാനത്തിലും, പൂർണമായും സ്വർഗീയങ്ങളിലും ആണ്.
  - പൊൻനിലവിളക്ക്, വെളിച്ചം പ്രകാശിപ്പിക്കുവാൻ വളരുകയും, ശാഖയിടുകയും, തളിർക്കുകയും, പുഷ്പിക്കുകയും ചെയ്യുന്ന പുനരുത്ഥാന ജീവനായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നു
- തളിർക്കുന്ന വടി സൂചിപ്പിക്കുന്നത്, ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു, നമ്മുടെ ജീവനും, നമ്മുടെ ജീവിതവും, നമ്മുടെ ഉള്ളിലുള്ള പുനരുത്ഥാന ജീവനും ആയിരിക്കണമെന്നും ഈ ജീവൻ തളിർക്കുകയും, പൂക്കുകയും, ഫലം കായ്ക്കുകയും വേണമെന്നുമാണ്
  - പുനരുത്ഥാനം ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാണ്.
  - സേവനത്തിന്റെ അടിസ്ഥാനം നമ്മുടെ സ്വാഭാവിക ജീവനിൽനിന്ന് വ്യത്യസ്തമായ ഒന്നാണ്
  - പുനരുത്ഥാനം സൂചിപ്പിക്കുന്നത് സകലവും ദൈവത്തിൽനിന്നാകുന്നു, നമ്മിൽനിന്നല്ല എന്നാണ്; ദൈവം മാത്രമാണ് പ്രാപ്തൻ, നാം പ്രാപ്തരല്ല എന്നാണ്;
  - പുനരുത്ഥാനത്തെ അറിയുന്ന എല്ലാവരും തങ്ങളിൽത്തന്നെയുള്ള പ്രത്യാശ ഉപേക്ഷിച്ചിരിക്കുന്നു; തങ്ങളാലാവില്ലെന്ന് അവർക്കറിയാം.
  - സ്വാഭാവിക ബലം നിലനിൽക്കുന്നിടത്തോളം, പുനരുത്ഥാനശക്തിക്ക് വെളിപ്പെടാനുള്ള അടിത്തറയില്ല
  - നമുക്ക് ചെയ്യുവാൻ കഴിയുന്നത് സ്വാഭാവിക മണ്ഡലത്തിന്റേതാണ്, നമുക്ക് ചെയ്യുവാൻ കഴിയാത്തത് പുനരുത്ഥാന മണ്ഡലത്തിന്റേതാണ്
  - ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് പ്രയാസം മാത്രമല്ല—അത് അസാധ്യമാണ്; സർവവും-ഉൾക്കൊള്ളുന്ന ആത്മാവിനു മാത്രമേ ഒരു ക്രിസ്ത്യാനിയായിരിക്കുവാനും, ആത്മാവിനു മാത്രമേ ഒരു ജയാളിയായിരിക്കുവാനും കഴിയുകയുള്ളൂ.
- നമ്മുടെ സ്വാഭാവിക ജീവനാൽ നാം ജീവിക്കാതെ നമ്മുടെ ഉള്ളിലുള്ള ദിവ്യ ജീവനാൽ ജീവിക്കുമ്പോൾ, നാം പുനരുത്ഥാനത്തിലാണ്; ഇതിന്റെ ഫലം ക്രിസ്തുവിന്റെ ശരീരമാണ്
  - തിരുവെഴുത്തുപരമായിട്ടാണെങ്കിലും സ്വാഭാവിക ജീവനിൽ നിർവഹിക്കപ്പെടുന്ന യാതൊന്നും ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമല്ല
- പുനരുത്ഥാനത്തിൽ ജീവിക്കുവാൻ, നാം പുനരുത്ഥാനത്തിന്റെ ദൈവത്തെ അറിയുകയും, അനുഭവമാക്കുകയും, നേടുകയും വേണം
  - നാം അവസാനിക്കണം
  - പരിതസ്ഥിതികളിലൂടെയുള്ള പുനരുത്ഥാനത്തിന്റെ ദൈവത്തിന്റെ പ്രവർത്തനത്താൽ അവന്റെ ജീവനും പ്രകൃതവും നമ്മിലേക്ക് പണിതുചേർക്കപ്പെടണം
  - പുനരുത്ഥാന ജീവന്റെ പുതുമയുള്ള സഹായത്താൻ പോഷിപ്പിക്കപ്പെട്ടുകൊണ്ട് നാം അനുദിനം പുതുക്കപ്പെടണം
  - പുനരുത്ഥാനത്തിൽ ദിവ്യ ജീവന്റെ നവീകരണ ശേഷി സ്വീകരിക്കുന്നതിന്, നാം ദൈവത്തെ ബന്ധപ്പെടുകയും, നമ്മെത്തന്നെ തുറക്കുകയും, അവൻ നമ്മിലേക്ക് കടന്നുവരുവാൻ അനുവദിക്കുകയും ചെയ്യണം

## ഗോതമ്പുമണി എന്ന നിലയിൽ ക്രിസ്തു

### II. ഗോതമ്പുമണിയെന്ന നിലയിൽ ക്രിസ്തുവിനെ നമുക്ക് അനുഭവിക്കുവാനും ആസ്വദിക്കുവാനും ആവിഷ്കരിക്കുവാനും കഴിയും

- ദിവ്യ ജീവനോടുകൂടെയുള്ള അവന്റെ ദിവ്യത്വത്തിന്റെ തേജസ്സ് ഒരു ഗോതമ്പുമണിയിലെന്നപോലെ അവനിൽ മറഞ്ഞിരുന്നു
- അവന്റെ ദിവ്യജീവന്റെ അഗ്നിയോടുകൂടിയ അവന്റെ ദിവ്യത്വത്തിന്റെ തേജസ്സിന്റെ വിടുതൽ അവന്റെ മരണമെന്ന സ്നാനം ആയിരുന്നു.
- ക്രിസ്തുവിന്റെ ദിവ്യത്വത്തിന്റെ തേജസ്സിന്റെ വിടുതൽ അവന്റെ മരണത്താൽ അവന്റെ മനുഷ്യത്വത്തിന്റെ പുറംതോട് തകർത്തുകൊണ്ടായിരുന്നു
- തേജസ്കരണം ക്രിസ്തുവിന്റെ പ്രാർഥനയ്ക്കുള്ള പിതാവിന്റെ ഉത്തരമായിരുന്നു
- ഉൾപ്പെടുത്തലിന്റെ ഘട്ടത്തിലേക്ക് സ്ഥാനമാറ്റം ചെയ്തു
- നമ്മെ പ്രക്രിയാവിധേയനായ ത്രിയേക ദൈവവുമായുള്ള ഒരു സംയോജനത്തിലേക്ക് കൊണ്ടുവന്നു
- ഈ ദിവ്യ-മനുഷ്യ, സാർവത്രിക സംയോജനം മൂന്ന് വശങ്ങളിൽ കായാന്തരപ്പെട്ട ഗോതമ്പുമണിയായി ക്രിസ്തുവിൽനിന്ന് പുറത്തുവന്നു:
  - ഒന്നാമത്തെ വശം തന്റെ വിശ്രമത്തിനും, സംതൃപ്തിക്കും, വെളിപ്പെടലിനും വേണ്ടിയുള്ള പിതാവിന്റെ ഭവനമാണ്
  - രണ്ടാമത്തെ വശം ദൈവത്തിന്റെ വികാസത്തിനും, വ്യാപനത്തിനും, തേജസ്കരണത്തിനും വേണ്ടിയുള്ള യഥാർഥ മുന്തിരിവള്ളിയാണ്
  - മൂന്നാമത്തെ വശം ദൈവത്തിന്റെ നിത്യവ്യവസ്ഥ നടപ്പാക്കുന്നതിനുള്ള പുതുമനുഷ്യൻ എന്ന ആത്മാവിന്റെ കുഞ്ഞാണ്